മാധ്യമം
21 June 2018

# 'കർഷകരുമായി പ്രധാനമന്ത്രിയുടെ സംവാദം'

**കൊച്ചി:** പ്രധാനമന്ത്രി നരേന്ദ്ര മോദി വിഡിയോ കോൺഫറൻസ് വഴി രാജ്യത്തെ തെരഞ്ഞെടുത്ത കർഷകരുമായി നടത്തിയ സംവാദം എറണാകുളം ജില്ലയിലെ കർഷകർക്ക് വേണ്ടി തത്സമയം സംപ്രേഷണം നടത്തി. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലായിരുന്നു (സി.എം.എഫ്.ആർ.ഐ) സംപ്രേഷണം. 150ഓളം കർഷകർ പങ്കെടുത്തു. പരിപാടിയോടനുബന്ധിച്ച് ജില്ലയിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി കർഷക ശാസ്ത്രജ്ഞരുമായി മുഖാമുഖം നടത്തി. പൊക്കാളി പാടങ്ങളിലെ നെല്ല് കൊയ്തെടുക്കുന്നതിന് കർമ സേന രൂപവത്കരിക്കുകയോ യോജിച്ച കൊയ്ത്ത് യന്ത്രങ്ങൾ വികസിപ്പിക്കുകയോ ചെയ്യണമെന്ന് കർഷകർ ആവശ്യപ്പെട്ടു. കാർഷികോൽപന്നങ്ങൾക്ക് വിപണന സാധ്യതകൾ സൃഷ്ടിക്കണമെന്നും കർഷകർ ആവശ്യപ്പെട്ടു. കർഷകർക്ക് പച്ചക്കറി വിത്തുകളും കെ.വി.കെയുടെ ജൈവവളവും ചടങ്ങിൽ വിതരണം ചെയ്തു. ഡോ. സ്മിത ശിവദാസൻ, ഡോ. പി.എ. വികാസ്, പി. ശ്രീലത, സജീവ് നായരമ്പലം, ബൈജു മൂക്കന്നൂർ എന്നിവർ സംസാരിച്ചു.